**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ. കൃഷ്ണ, ബളാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ഉണ്ണി, പനത്തടി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ. അബ്ദുൾ റഷീദ് എന്നിവർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.739/2018/തസ്വഭവ          തീയതി, തിരുവനന്തപുരം, 17.03.2018

==========================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 23.08.2013-ലെ ഇ 14 (എസ് സി13/13/കെഎസ്ഡി) 6013/13 നമ്പർ കത്ത്

2. വിജിലൻസ് (ഡി) വകുപ്പിന്റെ 28.10.2013-ലെ 10914/ഡി1/2013/വിജി. നമ്പർ കത്ത്
3. സർക്കാരിന്റെ 28.12.2013-ലെ 74408/ഇപിബി3/13/തസ്വഭവ നമ്പർ കുറ്റപത്രം
4. കുറ്റപത്രത്തിന് ശ്രീ. കെ. കൃഷ്ണ, ശ്രീ. കെ. അബ്ദുൾ റഷീദ്, ശ്രീ. ഉണ്ണി എന്നിർ സമർപ്പിച്ച പ്രതിവാദ പത്രികകൾ
5. പഞ്ചായത്ത് ഡയറക്ടറുടെ 28.06.2016-ലെ ഡി9-2250/14 നമ്പർ കത്ത്

**ഉത്തരവ്**

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കാസർഗോഡ് യൂണിറ്റ്, കാസർഗോഡ് ജില്ലയിലെ പനത്തടി, ബളാൽ, കുറ്റിക്കോൽ എന്നീ ഗ്രാമപഞ്ചായത്തുകളിൽ 03.04.2013-ൽ ആകസ്മിക പരിശോധന നടത്തി പരാമർശം (1), (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. വിജിലൻസ് പരിശോധനയിൽ പ്രസ്തുത പഞ്ചായത്തുകളിൽ വനം വകുപ്പിന്റെയും, പഞ്ചായത്തിന്റെയും അനുമതിയില്ലാതെ അനധികൃതമായി ഫർണീച്ചർ നിർമ്മാണ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് കണ്ടെത്തുകയും ആയതിന് കാരണക്കാരായ പഞ്ചായത്ത് സെക്രട്ടറിമാർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്യുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരെന്ന് കണ്ടെത്തിയ കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ. കൃഷ്ണ, പനത്തടി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. അബ്ദുൾ റഷീദ്, ബളാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ഉണ്ണി എന്നിവർക്ക് പരാമർശം (3) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ഉദ്യോഗസ്ഥർ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിലെ ബന്തടുക്ക എന്ന സ്ഥലത്ത് അനധികൃതമായി ഫർണ്ണീച്ചർ കട പ്രവർത്തിച്ചിരുന്നതായും ആയതിനെതിരെ നടപടി സ്വീകരിച്ചിരുന്നില്ല എന്നുമുള്ള കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. കൃഷ്ണയ്ക്കെതിരായ ആരോപണം സംബന്ധിച്ച് ടിയാൻ സമർപ്പിച്ച വിശദീകരണത്തിന്മേൽ അന്വേഷണം നടത്തിയതിൽ ബന്തടുക്കയിലെ ശ്രീ. ബെന്നി ജോർജ്ജ് എന്നയാൾ അനധികൃതമായി നടത്തിയിരുന്ന ഫർണീച്ചർ ഷോപ്പിന്റെ പ്രവർത്തനം നിർത്തുന്നതിന് 08.04.2013-ന് ബി2/2292/13 നോട്ടീസ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ടെന്നും, മേൽ നോട്ടീസ് കൈപ്പറ്റിയിട്ടും തുടർന്നും പ്രവർത്തിച്ച ഫർണ്ണീച്ചർ ഷോപ്പ് പോലീസിന്റെ സഹായത്തോടെ 01.03.2014-ന് അടച്ച് സീൽ ചെയ്തിട്ടുണ്ടെന്നും ഇതിന്റെ തുടർനടപടിയായി അനധികൃതമായി പ്രവർത്തിച്ചിരുന്ന മറ്റ് ഫർണീച്ചർ ഷോപ്പുകൾക്ക് പ്രവർത്തനം നിർത്തുന്നതിന് നോട്ടീസ് നൽകി നടപടി സ്വീകരിച്ചിരുന്നുവെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പനത്തടി ഗ്രാമപഞ്ചായത്തിലെ പാണത്തൂർ എന്ന സ്ഥലത്ത് അനധികൃതമായി പ്രവർത്തിച്ചു വരുന്ന ഫർണീച്ചർ യൂണിറ്റ് സംബന്ധിച്ച് ശ്രീ. അബ്ദുൾ റഷീദിന് നൽകിയ കുറ്റപത്രത്തിന് ടിയാൻ സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ അന്വേഷണം നടത്തിയതിൽ ടി കെട്ടിട ഉടമയുടെ പേരോ, കെട്ടിടത്തിന്റെ നമ്പരോ ആയതിന് ലൈസൻസ് അനുവദിച്ചിട്ടുണ്ടോ എന്നുമുള്ള വിവരങ്ങൾ പഞ്ചായത്തിലെ ഫയലുകളിൽ ഒന്നും കണ്ടെത്താനായിട്ടില്ലെന്നും മേൽ വസ്തുത കണക്കിലെടുക്കുമ്പോൾ പഞ്ചായത്തിലെ അനധികൃതമായി പ്രവർത്തിക്കുന്ന ഷോപ്പുകൾക്കെതിരെ നടപടി ഒന്നും കൈക്കൊണ്ടിട്ടില്ല എന്ന് വ്യക്തമാണെന്നും പ്രസ്തുത യൂണിറ്റുകളെ സംബന്ധിച്ച് ഫീൽഡ് ക്ലാർക്കുമാരോ, മറ്റ് വ്യക്തികളോ ആരുംതന്നെ സെക്രട്ടറിയ്ക്ക് പരാതി നൽകിയിട്ടില്ലെന്ന ടിയാന്റെ വാദം അംഗീകരിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ബളാൽ ഗ്രാമപഞ്ചായത്തിലെ വെള്ളരിക്കുണ്ട് എന്ന സ്ഥലത്ത് അനധികൃതമായി പ്രവർത്തിച്ചിരുന്ന ഫർണ്ണീച്ചർ നിർമ്മാണ യൂണിറ്റിനെ സംബന്ധിച്ച് ശ്രീ. ഉണ്ണിയ്ക്ക് നൽകിയ കുറ്റപത്രത്തിന് ടിയാൻ സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ അന്വേഷണം നടത്തിയതിൽ ടി യൂണിറ്റ് പ്രവർത്തിച്ചിരുന്ന കെട്ടിടത്തിന്റെ നമ്പർ, യൂണിറ്റിന്റെ ഉടമസ്ഥൻ എന്നിവ വ്യക്തമല്ലെന്നും വിജിലൻസ് വകുപ്പ് നടത്തിയ പരിശോധനയ്ക്ക് ശേഷം ടി യൂണിറ്റ് അടച്ചുപൂട്ടുന്നതിനോ ടിയാനെ ലൈസൻസ് എടുപ്പിക്കുന്നതിനോ നടപടി സ്വീകരിച്ചതുമായി ബന്ധപ്പെട്ട യാതൊരു ഫയലുകളും പഞ്ചായത്തിൽ ലഭ്യമല്ലെന്നും ആയതിനാൽ ഇത്തരം ഫർണീച്ചർ യൂണിറ്റ് നടത്തുന്നതിനെതിരെ സെക്രട്ടറി നടപടി സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും ഗ്രാമപഞ്ചായത്തിൽ അനധികൃതമായി പ്രവർത്തിക്കുന്ന ഫർണീച്ചർ യൂണിറ്റുകളെ സംബന്ധിച്ച് ഫീൽഡ് ക്ലാർക്കുമാർ സെക്രട്ടറിക്ക് അറിയിപ്പ് നൽകിയിട്ടില്ല എന്നുള്ള ടിയാന്റെ വാദം അംഗീകരിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ഉദ്യോഗസ്ഥർ സമർപ്പിച്ച പ്രതിവാദ പത്രികകളുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. അനധികൃത ഫർണീച്ചർ നിർമ്മാണ യൂണിറ്റുകൾ കണ്ടെത്തുന്നതിലും അവയുടെ പ്രവർത്തനം തടയുന്നതിലും ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിമാർക്ക് വീഴ്ച സംഭവിച്ചതായി കാണുന്നു. എന്നാൽ വിജിലൻസ് പരിശോധനയ്ക്ക് ശേഷം ടി വിഷയത്തിന്മേൽ സത്വര നടപടി സ്വീകരിച്ചതായി പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ശ്രീ. കെ. കൃഷ്ണ, ശ്രീ. ഉണ്ണി, ശ്രീ. കെ. അബ്ദുൾ റഷീദ് എന്നിവർ

യഥാക്രമം 31.07.2017, 30.04.2015 31.10.2017 എന്നീ തീയതികളിൽ സേവനത്തിൽ നിന്നും വിരമിച്ചതായും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ. കൃഷ്ണ, ബളാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ഉണ്ണി, പനത്തടി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ. അബ്ദുൾ റഷീദ് എന്നിവർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്**

അഡീഷണൽ സെക്രട്ടറി

1. ശ്രീ. കെ. കൃഷ്ണ, മുൻ സെക്രട്ടറി, കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത്
2. ശ്രീ. ഉണ്ണി, മുൻ സെക്രട്ടറി, ബളാൽ ഗ്രാമപഞ്ചായത്ത്
3. ശ്രീ. കെ. അബ്ദുൾ റഷീദ്, പനത്തടി ഗ്രാമപഞ്ചായത്ത്

(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

4. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
5. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
6. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
7. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്
8. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
9. വിജിലൻസ് വകുപ്പ്

(യു.ഒ റിമാർക്സ് നം.വിജി. ഡി1/15/2018-വിജി. തീയതി 25.01.2018 പ്രകാരം)

10. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
11. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/340/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ